# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം.ഇ.ഡി.പി/000621/12

ചെയർമാൻ & മാനേജിംഗ്
ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം-23
18/02/2012

## മെമ്മോറാണ്ടം

വിഷയം: സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നുമായി ബന്ധപ്പെട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 30/01/12-ൽ വിളിച്ചു ചേർത്ത മേഖലാ അധികാരികളുടെയും ആഫീസർമാരുടെയും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ- കെ.എസ്.ആർ.ടി.സി ബസ്സുകൾ മൂലം ഉണ്ടാകുന്ന അപകടങ്ങൾ- വിവരശേഖരണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

സൂചന : നം.4/സി.എം.ഡി/12 തീയതി.06/02/2012 (30/01/12 ലെ യോഗത്തിന്റെ മിനിറ്റ്സ്)

30/01/21012 -ൽ ബഹു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വിളിച്ചുചേർത്ത മേഖലാധികാരികളുടെയും ആഫീസർമാരുടെയും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ കെ.എസ്.ആർ.ടി.സി ബസ് മൂലം ഉണ്ടാകുന്ന അപകടങ്ങളെ പറ്റി കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു,

### അപകടം സംബന്ധിച്ച വിവരങ്ങൾ

"അപകടം സംബന്ധിച്ച വിവരങ്ങൾ എല്ലാ യൂണിറ്റധികാരികളും എല്ലാ മാസവും പത്താം തീയതിക്കു മുൻപ് ഇ.ഡി.പി.സെൻററിലും ലോ സെക്ഷനിലും അറിയിച്ചിരിക്കേണ്ടതാണ്. കെ.എസ്.ആർ.ടി.സി ബസ് മൂലമുണ്ടാകുന്ന അപകടങ്ങളെത്തുടർന്നുള്ള നടപടികൾ യൂണിറ്റധികാരികൾ നിരന്തരം നിരീക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ ഇടപെടുകയും ചെയ്യേണ്ടതാണ്."

ആയതിനാൽ എല്ലാ യൂണിറ്റധികാരികളും എല്ലാമാസവും പത്താം തീയതിക്കു മുൻപായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ അപകടവിവരങ്ങൾ അറിയിക്കേണ്ടതാണ് .

വർദ്ധിച്ചുവരുന്ന അപകടങ്ങളുടെ ഗുരുതരാവസ്ഥ എല്ലാ യൂണിറ്റധികാരികളും ഗൗരവമായി നിരീക്ഷിക്കേണ്ടതും അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഡിപ്പൊ തലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതും അപകടവിവരങ്ങൾ കൃത്യമായി അറിയിച്ചിരിക്കേണ്ടതുമാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ യൂണിറ്റധികാരികൾക്കും

പകർപ്പ്: എല്ലാ മേഖലാ അധികാരികൾക്കും